V. റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിനാലുമുതൽ അറുപത്തി ഒമ്പതുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ 64 മുതൽ 69 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനേഴാമത് റിപ്പോർട്ട്

ശ്രീ. പി. രാജു : എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ പത്താമത് റിപ്പോർട്ട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. സി.പി. ബാലൻവൈദ്യർ : പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VI. ക്രമപ്രശ്നം

കെ.എസ്. ഇ.ബി. ബഡ്ജറ്റ് യഥാസമയം സഭയിൽ വയ്ക്കാത്തത് സംബന്ധിച്ച്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുകളുടെ ബഡ്ജറ്റ് സംബന്ധിച്ച് കേന്ദ്ര ഇലക്ട്രിസിറ്റി സപ്ലൈ ആക്റ്റ് 61(1), ഉപവകുപ്പിൽ ഇപ്രകാരം പറയുന്നു. In February of each year the board shall submit to the State Government a statement in the prescribed form of the estimated capital and revenue receipts and expenditure for the ensuing year. ഇതേ നിയമത്തിൽ 61(3) -ൽ പറയുന്നത് ഇപ്രകാരമാണ്. the State Government shall, as soon as may be after the receipts of the said statement cause it to be laid on the table of the House, or as the case may be, of the State Legislature; and the said statement shall be open to discussion therein, but shall not be subject to vote. As soon as may be എന്ന വാക്കിന് നിയമപരമായ വ്യാഖ്യാനം Henry Campbell Black-ന്റെ ലാ ഡിക്ഷ്നറിയിൽ കൊടുത്തിരിക്കുന്നത് ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യാണ്. Promptly and with due diligence. നിയമപ്രകാരം ഫെബ്രുവരി മാസത്തിൽതന്നെ വയ്ക്കേണ്ട ഡോക്കുമെന്റ് മാർച്ച് 26-ാം തീയതിയാണ് സഭയിൽ വച്ചിട്ടുള്ളത്. കേന്ദ്ര നിയമത്തിൽ 61(4)-ൽ പറയുന്നത് സഭയുടെ അഭിപ്രായം കൂടി കണക്കിലെടുക്കണമെന്നാണ്. ഇത്തരം റിപ്പോർട്ടുകൾ നമ്മുടെ സഭ ചർച്ച ചെയ്യാറില്ല എന്നുള്ളത് മറ്റൊരു കാര്യമാണ്. നിയമപ്രകാരം ഫെബ്രുവരിയിൽ വയ്ക്കേണ്ട രേഖ മാർച്ച് 26-ാം തീയതി മാത്രം സഭയിൽ വയ്ക്കുന്നത് നിയമലംഘനവും സഭയോടുള്ള അനാദരവുമാണ്. നിയമത്തിൽ പറഞ്ഞപ്രകാരം കാര്യം നടക്കണമെന്ന നിഷ്ക്കർഷത പുലർത്തേണ്ടത് നിയമസഭയാണ്. നിയമനിർമ്മാണസഭ തന്നെ നിയമങ്ങൾ ലംഘിക്കുന്നതിന് മാതൃക സൃഷ്ടിക്കുന്നത് ശരിയല്ല. അങ്ങയുടെ റൂളിംഗ് ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ് ശർമ്മ) : ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിന്റെ സെക്ഷൻ 61(1) അനുസരിച്ച് ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി പറഞ്ഞതുപോലെ വിദ്യുച്ഛക്തി ബോർഡിന്റെ ബഡ്ജറ്റ് ഫെബ്രുവരി മാസത്തിൽതന്നെ ബോർഡ് സർക്കാരിന് സമർപ്പിക്കണമെന്നാണ്. ഈ ആക്ടിന്റെ സെക്ഷൻ 61(3) അനുസരിച്ച് ബോർഡിൽ നിന്നും ബഡ്ജറ്റിന്റെ കോപ്പി ലഭിച്ചുകഴിഞ്ഞാൽ കഴിവതുംവേഗം നിയമസഭയിൽ സർക്കാർ സമർപ്പിക്കണമെന്നുമാണ്. ബോർഡിന്റെ ബഡ്ജറ്റ് നിയമസഭയുടെ ചർച്ചയ്ക്ക് വിധേയമാക്കാമെങ്കിലും നിയമസഭ പാസ്സാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടില്ല. പാസ്സാക്കേണ്ടതായിട്ടുമില്ലായെന്ന് സെക്ഷൻ 61(3) വിവക്ഷിക്കുകയും ചെയ്തിട്ടുണ്ട്. സെക്ഷൻ 61(1) അനുസരിച്ച് ബോർഡിന്റെ ബഡ്ജറ്റ് ഗവൺമെന്റിനുമുമ്പിൽ ഫെബ്രുവരിയിൽ തന്നെ വന്നിട്ടുണ്ട്. ഫെബ്രുവരിക്കുശേഷം പിന്നെ കഴിവതുംവേഗം നിയമസഭയിൽ വയ്ക്കുക എന്നുള്ളതാണല്ലോ അദ്ദേഹം പറഞ്ഞത്. മാർച്ച് 18-നാണ് പിന്നെ സഭ ആരംഭിച്ചത്. 18ന് ബഡ്ജറ്റ് സ്പീച്ചാണ്. 19,20, തീയതികൾ ശനിയും ഞായറും ഒഴിവ് ദിവസങ്ങളാണ്. 26-നല്ല 25-നാണ് സഭയിൽ വച്ചത്. പക്ഷെ, അദ്ദേഹം പറഞ്ഞ ആ സ്പിരിറ്റ്, ബോർഡിന്റെ ബഡ്ജറ്റ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ കഴിവതുംവേഗം വയ്ക്കുകയെന്നുള്ളത് മനപൂർവ്വമായ ഒരു ഡിലേയോ മന:പൂർവ്വമായ ഒരു അനാദരവോ ഇക്കാര്യത്തിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. എന്നാലും അദ്ദേഹം ഉന്നയിച്ചിട്ടുള്ളതിന്റെ സ്പിരിറ്റിനോട് ഗവൺമെന്റിന് യോജിപ്പാണ്. അതനുസരിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ളതായ ആ സ്പിരിറ്റ് മന:പൂർവ്വമായ ഒരു ഡിലേ വരുത്തിയിട്ടില്ലായെന്നുള്ളത് .....മാർച്ച് 18-ന് സെഷൻ ആരംഭിച്ചു. അന്ന് ബഡ്ജറ്റ് സ്പീച്ചാണ്. 19-ഉം 20-ഉം ഹോളിഡേയായിരുന്നു. പിന്നെ 25-നുതന്നെ, ആ ആഴ്ചയിൽതന്നെ സഭയിൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഏഴെട്ടു വർഷക്കാലത്തെ കീഴ്വഴക്കമനുസരിച്ച് നോക്കിയാൽ (ഈ സഭയിൽ ഞാൻ 87-ലാണ് വന്നത്. അങ്ങും ആ ഇയറിൽതന്നെയാണ് വന്നിട്ടുള്ളത്. അതിനു മുമ്പ് വന്നിട്ടുള്ളവരും ഈ സഭയിലുണ്ട്.) ഏതെങ്കിലുമൊരു സന്ദർഭത്തിൽ അത് സംബന്ധിച്ച് ഒരു ഡിസ്കഷൻ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മന:പൂർവ്വമായ ഒരു ഡിലേയോ മന:പൂർവ്വമായ ഒരു അനാദരവോ ഇക്കാര്യത്തിൽ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടില്ല. പറഞ്ഞ സ്പിരിറ്റിനോട് യോജിപ്പാണ്.

മി. സ്പീക്കർ : കഴിഞ്ഞ കാലങ്ങളിൽ ഇവിടെ പ്രസന്റ് ചെയ്തത് പരിശോധിച്ചപ്പോൾ ഇപ്പോഴത്തേത് ഒരു ഡിലേയായിട്ട് ചെയറിന് തോന്നിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

26-നാണ് സഭയിൽ വച്ചത്. കഴിഞ്ഞ കാലങ്ങളിൽ അഞ്ചെട്ടു വർഷത്തേത് നോക്കിയപ്പോൾ എല്ലാം 26-നു ശേഷമാണ് വച്ചിരിക്കുന്നത്. 27, 28, 29, 30, 31 എന്നീ തീയതികളിലാണ് വച്ചിട്ടുള്ളത്. പക്ഷെ അങ്ങനെയാണെങ്കിലും കഴിഞ്ഞ കാലങ്ങളിൽ ഇങ്ങനെ ഓരോന്നുകാണിച്ചുവെന്ന് വിചാരിച്ച് അനുകരിക്കുകയല്ല അത് തിരുത്തേണ്ടതായിട്ടുണ്ട്. ആ സ്പിരിറ്റ് ഉൾക്കൊള്ളാൻ മന്ത്രി തയ്യാറായി എന്നുള്ളതിന് മന്ത്രിക്ക് പ്രത്യേകം അഭിനന്ദനം രേഖപ്പെടുത്തുന്നു.

VII. നിയമനിർമ്മാണകാര്യം

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരള സംസ്ഥാന സഹകരണ കാർഷിക- ഗ്രാമീണ വികസന ബാങ്കുകൾ (ഭേദഗതി* ബിൽ)

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകൾ (ഭേദഗതി) ബിൽ പരിഗണയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിന് വിയോജനകുറിപ്പില്ല. ഇതുവേഗം പാസ്സാക്കാവുന്നതാണ്. അടുത്തതിനാണ് ചർച്ച കാര്യമായിട്ടുള്ളത്.....ശ്രീ. കെ.സി. വേണുഗോപാൽ

ശ്രീ. കെ.സി. വേണുഗോപാൽ : സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1996-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണ വികസന ബാങ്കുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, ഇതിൽ തർക്കമില്ലാതെയല്ല. തർക്കമുണ്ട്. ഭേദഗതി കൊടുത്തിരിക്കുന്നത് തർക്കമുള്ളതുകൊണ്ടല്ലേ. സർ, പ്രത്യക്ഷത്തിൽ തോന്നും വളരെ ചെറിയ ഒരു ഭേദഗതിയാണെന്ന്. അങ്ങ് ഇപ്പോൾ സൂചിപ്പിച്ചതുപോലെ അങ്ങനെ തോന്നുമെങ്കിലും ഫലത്തിൽ നമ്മുടെ സഹകരണമേഖലയിൽ തന്നെ ഇന്ന് നിലനിൽക്കുന്ന ചില അനാശാസ്യമായ പ്രവണതകൾക്ക് വളരെയധികം സഹായകമാകുന്ന ഒരു നിയമഭേദഗതിയായിട്ടാണ് എനിക്കിത് തോന്നിയിട്ടുള്ളത്. നമ്മുടെ 'നബാർഡ്' പോലെയുള്ള സ്ഥാപനങ്ങളിൽനിന്നും കിട്ടുന്ന വായ്പകൾ ഇൻസ്റ്റിറ്റ്യൂഷൻസിനും വ്യക്തികൾക്കും വിതരണം ചെയ്യുന്ന കാര്യത്തിൽ സഹകരണ രജിസ്ട്രാർമാർക്ക് ഉണ്ടായിരുന്ന ചില അധികാരങ്ങൾ ജോയിന്റ് രജിസ്ട്രാർ റാങ്കിലുള്ള ആളുകൾക്ക് നൽകുന്നതിനുവേണ്ടി പ്രധാനപ്പെട്ട വ്യവസ്ഥകൾക്കും..... അങ്ങനെയുള്ള വ്യവസ്ഥകൾ കണ്ടാൽ പ്രത്യക്ഷത്തിൽ നിരുപദ്രവമെന്ന് തോന്നുമെങ്കിലും നിരുപദ്രവമെന്ന് തോന്നുന്നതിന്റെ പിന്നിൽ ഇത് ദുരുപയോഗപ്പെടുത്താവുന്ന എല്ലാ സാധ്യതകളും

---

* അനുബന്ധം IV
144/2010.

LIBRARY ARCHIVES Kerala Legislative Assembly